ഫയൽ നമ്പർ- LSGD/JD/TSR/729/2023-E2 (B8)

**21.02.2024 ബുധനാഴ്ച്ച ഉച്ചതിരിഞ്ഞ് 3.00 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ സിറ്റിസൺ അസിസ്റ്റൻസ് സ്ഥിരം അദാലത്ത് ജില്ലാതല സമിതിയുടെ മിനിറ്റ്സ്.**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. ഷഫീക്ക് പി. എം, ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ ( ചെയർമാൻ)
2. സ്മിത പി. ജെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ
3. രാജീവ് കെ. ആർ, ടൗൺ പ്ലാനർ, തൃശ്ശൂർ
4. വിധു എ മേനോൻ, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ, (കൺവീനർ)

**അജണ്ട 1**
ശ്രീ. ശിവൻ സി പി, Chakkamattil House എന്നവരുടെ ഉപജില്ലാ സമിതി 5 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( IBPMS സോഫ്റ്റവെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച്.)

**തീരുമാനം 1**
മേൽ പരാതി കൊടുങ്ങല്ലൂർ നഗരസഭയുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 5 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. ബിൽഡിങ്ങ് പെർമിറ്റുമായി ബന്ധപ്പെട്ട് IBPMS സോഫ്റ്റ്വെയറിൽ ആവശ്യമായ ഭേദഗതി നിർദേശങ്ങൾ ആണ് അപേക്ഷകൻ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളത് എന്നും ആയതിനാൽ മേൽ നടപടികൾക്കായി ജില്ലാ സമിതിക്ക് നൽകുന്നതിനു തീരുമാനിച്ചു എന്നുമാണ് ഉപജില്ലാ സമിതി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. IBPMS സോഫ്റ്റ്വെയറിലുള്ള സാങ്കേതിക അപാകതകൾ ആണ് പരാതിയിൽ പരാമർശിച്ചിരിക്കുന്നത്. നഗരസഭകളിൽ നിലവിൽ IBPMS സോഫ്റ്റ്വെയറിനു പകരം കെ സ്മാർട്ട് (K SMART) എന്ന പുതിയ സോഫ്റ്റ് വെയർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ കെ സ്മാർട്ട് (K SMART) സോഫ്റ്റ് വെയർ മുഖേന നിലവിലുള്ള മാനദണ്ഡപ്രകാരം അപേക്ഷ സമർപ്പിക്കാൻ പരാതിക്കാരനോട് നിർദ്ദേശിക്കാൻ തീരുമാനിച്ചു.

**അജണ്ട 2**
ശ്രീ. മൺസൂർ Y. C, Eachiyil House എന്നവരുടെ ഉപജില്ലാ സമിതി 2 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതിലെ പിഴവുകൾ കാരണം ഭൂമി തരം മാറ്റി ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 2**
മേൽ പരാതി പുന്നയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 2 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതിലെ പിഴവുകൾ കാരണം നാളിതുവരെ ഭൂമി തരം മാറ്റി ലഭിച്ചിട്ടില്ല എന്നും ആയതിനാൽ ഇത്തരം സ്ഥലങ്ങളിലെ വീടുകൾക്ക് ഇപ്പോൾ കെട്ടിട നമ്പർ ലഭിക്കാൻ അധിക പണം പഞ്ചായത്തിൽ ഒടുക്കേണ്ടി വരുന്നു എന്നും ഇത്തരം ഭൂമികളിലെ വീടുകൾക്ക് നമ്പർ ഇടുമ്പോൾ പിഴത്തുക ഈടാക്കരുത് എന്നുമാണ് പരാതിയിൽ പരാമർശിച്ചിരിക്കുന്നത്. പ്രസ്തുത പരാതി പരിശോധിച്ചപ്പോൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതിലെ പിഴവുകൾ കാരണം ഭൂമി തരം മാറ്റി ലഭിക്കാത്തതിനെ തുടർന്നുള്ള പരാതിയാണെന്നും നിലവിൽ പഞ്ചായത്തിൽ നിന്നും സേവനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതിയല്ലെന്നും സമിതി വിലയിരുത്തി. മേൽ സാഹചര്യത്തിൽ പ്രസ്തുത പരാതി സമിതിയുടെ പരിഗണനാവിഷയത്തിൽ ഉൾപ്പെടാത്ത പരാതിയായതിനാൽ നിരസിക്കുവാൻ തീരുമാനിച്ചു.

**അജണ്ട 3**
ശ്രീ. സിറിയക് ജോസഫ്, സ്രാമ്പിക്കൽ ഹൗസ് എന്നവരുടെ ഉപജില്ലാ സമിതി 6 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഹോട്ടൽ വ്യവസായം നടത്തുന്നതിനുള്ള കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 3**
മേൽ പരാതി അതിരപ്പിള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 6 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പരിയാരം വില്ലേജിൽ സർവ്വേ നമ്പർ 1670/10 ഭൂമിയിൽ 06/03/2014 തിയതിയിലെ 09/2013/14 നമ്പർ പെർമിറ്റിന്റേയും ( 1452.53 ച.മീറ്റർ), 22/11/2017 തീയതിയിലെ B2-4520/2017-18/21 നമ്പർ പെർമിറ്റിന്റെയും ( 2809.66 ച.മീറ്റർ) അടിസ്ഥാനത്തിൽ പുനർനിർമ്മിച്ച A2 ഗണത്തിൽപ്പെട്ട കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്ന അപേക്ഷ പരിശോധിച്ചതിൽ കെട്ടിടം നിർമ്മിച്ച സ്ഥലം ലാന്റ് അസ്സൈയിൻമെന്റ് പ്രകാരം പട്ടയം ലഭിച്ച ഭൂമിയാണെന്നും സർക്കാരിന്റെ 22/02/21 ലെ സ.ഉ. നം 61/2021 തസ്വഭവ ഉത്തരവ് പ്രകാരം ബിൽഡിങ്ങ് പെർമിറ്റുമായി ബന്ധപ്പെട്ട പൊസസഷൻ സർട്ടിഫിക്കറ്റിൽ എന്ത് ആവശ്യത്തിനാണോ ഭൂമി പതിച്ചു നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ച ശേഷമേ ലാന്റ് അസ്സൈയിൻമെന്റ് പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുള്ളതായും ലാന്റ് അസ്സൈയിൻമെന്റ് പ്രകാരം ലഭിച്ച സ്ഥലത്ത് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കാമോ എന്നത് സംബന്ധിച്ച് സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ആവശ്യമാണെന്നും ആയതിനാൽ ജില്ലാ സമിതിയിലേക്ക് നൽകുന്നതിനു തീരുമാനിച്ചു എന്നുമാണ് ഉപജില്ലാ സമിതി റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. 06.03.2023 ൽ കെട്ടിടനമ്പറിനായി പരാതിക്കാരൻ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചുവെന്നും എഞ്ചിനീയറിങ്ങ് വിഭാഗം പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 2014 ൽ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുമ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റിൽ എന്ത് ആവശ്യത്തിനോണോ പതിച്ചുനൽകിയതെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതും, കെട്ടിടനമ്പറിന് അപേക്ഷ സമർപ്പിച്ചപ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റിൽ ' വീട് പണിത് താമസിക്കുന്നതിനും, കൃഷി ആവശ്യത്തിനും അനുവദിച്ചിട്ടുള്ള ഭൂമി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 29.07.2020 ലെ WP(C)17983/2019 നമ്പർ കേസിലെ വിധിന്യായപ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ പട്ടയഭൂമി മറ്റാവശ്യങ്ങൾക്ക് നൽകുന്നത് നിയമവിരുദ്ധമാണെന്ന് പറഞ്ഞിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ബഹു. കോടതി ഉത്തരവ് വരുന്നതിന് മുമ്പ് പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കാമോ എന്നത് സംബന്ധിച്ചാണ് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നത്.

എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച് പരാതിക്കാരൻ ബഹു. ഹൈക്കോടതിയിൽ WP© 32600/2023 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതും അന്തിമ വിധി വന്നിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയിൽ നിന്നും അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 4**
ശ്രീ. സജീവൻ വി. ടി, വെളിയത്ത്പറമ്പിൽ ഹൗസ് എന്നവരുടെ ഉപജില്ലാ സമിതി 5 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( നാഷണൽ ഹൈവേ ആക്സസ് പെർമിറ്റില്ലാത്തതിനാൽ കെട്ടിടത്തിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 4**
മേൽ പരാതി കൊടുങ്ങല്ലൂർ നഗരസഭയുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 5 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. NH 66 ന് സമീപമുള്ള കെട്ടിടത്തിന് NH ൽ നിന്നും ആക്സസ് പെർമിറ്റ് ലഭ്യമാകുന്നില്ല എന്നും ആക്സസ് പെർമിഷൻ ആവശ്യകത സംബന്ധിച്ച് KMBR ൽ ഒന്നും പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് സ്പഷ്ടീകരണത്തിനായി ജില്ലാ സമിതിക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു എന്നുമാണ് ഉപജില്ലാ സമിതി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. നാഷണൽ ഹൈവേ ആക്സസ് പെർമിറ്റ് സംബന്ധിച്ച പരാതികൾ ധാരാളമായി ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. നാഷണൽ ഹൈവേയിൽ നിന്നും ആക്സസ് പെർമിറ്റ് ലഭിക്കുന്നതിന് സാധാരണക്കാരെ സംബന്ധിച്ച് സാങ്കേതിക തടസ്സവും, സാമ്പത്തികമായി വലിയ ചെലവ് വരുന്നതുമാണെന്നുമുള്ള പരാതികളും വരുന്നുണ്ട്. KMBR ൽ ഇതു സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ നാഷണൽ ഹൈവേ ആക്സസ് പെർമിറ്റ് സംബന്ധിച്ച് ബഹു. സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യമാണെന്നു സമിതി വിലയിരുത്തി. മേൽ സാഹചര്യത്തിൽ പരാതി സംസ്ഥാനതല സമിതിയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട 5**
ഫാ. ടോണി തോമസ് കാക്കശ്ശേരി, വികാരി, സെന്റ് അൽഫോൺസ പള്ളി, തോളൂർ എന്നവരുടെ ഉപജില്ലാ സമിതി 1 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( പള്ളി കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 5**
മേൽ പരാതി തോളൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 1 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. KPBR പ്രകാരം ഒന്നിലേറെ ന്യൂനതകൾ നിലവിലുണ്ടെന്നും, കൂടാതെ ജില്ലാതല അപ്പീൽ കമ്മറ്റി, ബഹു. പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഇക്കാര്യത്തിൽ അഭിപ്രായം മുൻപ് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും, ന്യൂനതകളിൽ പ്രധാനമായ ഒന്ന് 2nd floor ലെ വികാരിയുടെ താമസ സ്ഥലത്തേക്ക് lift / Ramp ഇല്ലെന്നുള്ളതാണെന്നും, മുൻപ് ഇടപെട്ട സംവിധാനങ്ങൾ ഇവ വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും, എന്നാൽ ഈ ഭാഗം പൊതുജനങ്ങൾക്ക് ആക്സസ് ഇല്ലാത്തതാണെന്ന് വികാരി അറിയിച്ചതായും, ചട്ടത്തിൽ ആക്സസ് പൊതുജനങ്ങൾക്ക് ഉണ്ടെങ്കിൽ മാത്രമെ lift/Ramp വേണ്ടതുള്ളൂ എന്ന വ്യാഖ്യാനമാണ് ഉള്ളതെന്ന് വികാരി പറയുന്നതായും, ആയതിനാൽ ഇക്കാര്യത്തിൽ ജില്ലാ അദാലത്ത് കമ്മറ്റിയുടെ പരിശോധന ആവശ്യമായതിനാൽ ജില്ലാ അദാലത്ത് കമ്മറ്റിക്ക് കൈമാറുന്നു എന്നുമാണ് ഉപജില്ലാ സമിതി റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നതിന് ജില്ലാ തല സമിതിക്ക് അധികാരമില്ലാത്തതിനാൽ ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 6**
ശ്രീ. എ. പി മുരളീധരൻ, എറാടത്ത് വീട് എന്നവരുടെ ഉപജില്ലാ സമിതി 6 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( നാഷണൽ ഹൈവേ ആക്സസ് പെർമിറ്റില്ലാത്തതിനാൽ കെട്ടിടത്തിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 6**
മേൽ പരാതി നെൻമണിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 6 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. നെൻമണിക്കര പഞ്ചായത്തിൽ ഹൈവേയോട്ട ചേർന്ന് നിർമ്മിക്കുന്ന കെട്ടിട്ടത്തിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ ആക്സസ് പെർമിറ്റ് ഇല്ലാത്തതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടില്ലെന്നും KPBR ൽ പരാമർശിക്കാത്ത വ്യവസ്ഥകൾ പറഞ്ഞ് പെർമിറ്റ് അനുവാദിക്കാത്തത് നിയമപരമല്ലെന്നും, ഹൈവേ വികസനത്തിന് 3 സെന്റ് സ്ഥലവും 600 സ്ക്വയർ ഫീറ്റ് കെട്ടിടവും വിട്ടുകൊടുത്തിട്ടും, വീണ്ടും ആക്സസ് പെർമിറ്റ് ആവശ്യപ്പെടുന്നതായും പരാതിപ്പെട്ടിട്ടുള്ളതാണ്. എന്നാൽ NHAI യുടെ DG M & Project Director ടെ 20/01/2023/ ലെ 11137/ PI U – പാലക്കാട്/ NH544/KL-01 നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിക്കുന്നതിന്ന് മുമ്പ് ആക്സസ് പെർമിറ്റ് ആവശ്യപ്പെട്ടതെന്ന് സെകട്ടറി അറിയിച്ചിട്ടുള്ളതായും, ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും വ്യക്തത ഉണ്ടാവണമെന്നും, ആയതിനാലാണ് നവകേരള സദസിൽ അപേക്ഷസമർപ്പിച്ചതെന്നും, അപേക്ഷ ജില്ലാസമിതിക്ക് അയക്കണമെന്നുമുള്ള അപേക്ഷകന്റെ അപേക്ഷ പരിഗണിച്ച് പരാതി ജില്ലാസമിതിക്ക് അയക്കാൻ തീരുമാനിച്ചു എന്നുമാണ് ഉപജില്ലാ സമിതി റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. നാഷണൽ ഹൈവേ ആക്സസ് പെർമിറ്റ് സംബന്ധിച്ച പരാതികൾ ധാരാളമായി ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ നാഷണൽ ഹൈവേയിൽ നിന്നും ആക്സസ് പെർമിറ്റ് ലഭിക്കുന്നതിന് സാധാരണക്കാരെ സംബന്ധിച്ച് സാങ്കേതിക തടസ്സവും, സാമ്പത്തികമായി വലിയ ചെലവ് വരുന്നതുമാണെന്നുമുള്ള പരാതികളും വരുന്നുണ്ട്. NHAI യുടെ DG M & Project Director ടെ 20/01/2023/ ലെ 11137/ PI U – പാലക്കാട്/ NH544/KL-01 നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിക്കുന്നതിന്ന് മുമ്പ് ആക്സസ് പെർമിറ്റ് ആവശ്യപ്പെട്ടതെന്ന് സെകട്ടറി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നാഷണൽ ഹൈവേ ആക്സസ് പെർമിറ്റ് സംബന്ധിച്ച് ബഹു. സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യമാണെന്ന സമിതി വിലയിരുത്തി. മേൽസാഹചര്യത്തിൽ പരാതി സംസ്ഥാനതല സമിതിയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട 7**
സെക്രട്ടറി, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് എന്നവരുടെ ഉപജില്ലാ സമിതി 6 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഹോട്ടൽ വ്യവസായം നടത്തുന്നതിനുള്ള കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സ്പഷ്ടീകരണം സംബന്ധിച്ച്.)

**തീരുമാനം 7**
മേൽ പരാതി അതിരപ്പിള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 6 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പരിയാരം വില്ലേജിൽ സർവ്വേ നമ്പർ 1670/10 ഭൂമിയിൽ ശ്രീ. സിറിയക് ജോസഫ് സ്രാമ്പിക്കൽ ഹൗസ് എന്നവർ 06/03/2014 തിയതിയിലെ 09/2013/14 നമ്പർ പെർമിറ്റിന്റെയും ( 1452.53 ച.മീറ്റർ), 22/11/2017 തീയതിയിലെ B2-4520/2017-18/21 നമ്പർ പെർമിറ്റിന്റെയും ( 2809.66 ച.മീറ്റർ) അടിസ്ഥാനത്തിൽ പുനർനിർമ്മിച്ച A2 ഗണത്തിൽപ്പെട്ട കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്ന അപേക്ഷ പരിശോധിച്ചതിൽ കെട്ടിടം നിർമ്മിച്ച സ്ഥലം ലാന്റ് അസ്സെയിൻമെന്റ് പ്രകാരം പട്ടയം ലഭിച്ച ഭൂമിയാണെന്നും സർക്കാരിന്റെ 22/02/21 ലെ സ.ഉ. നം 61/2021 തസ്വഭവ ഉത്തരവ് പ്രകാരം ബിൽഡിങ്ങ് പെർമിറ്റുമായി ബന്ധപ്പെട്ട പൊസഷൻ സർട്ടിഫിക്കറ്റിൽ എന്ത് ആവശ്യത്തിനാണോ ഭൂമി പതിച്ചു നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ച ശേഷമേ ലാന്റ് അസ്സെയിൻമെന്റ് പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുള്ളതായും ലാന്റ് അസ്സെയിൻമെന്റ് പ്രകാരം ലഭിച്ച സ്ഥലത്ത് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കാമോ എന്നത് സംബന്ധിച്ച് സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ആവശ്യമാണെന്നും ആയതിനാൽ ജില്ലാ സമിതിയിലേക്ക് നൽകുന്നതിനു തീരുമാനിച്ചു എന്നുമാണ് ഉപജില്ലാ സമിതി റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. 06.03.2023 ൽ കെട്ടിടനമ്പറിനായി പരാതിക്കാരൻ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചുവെന്നും എഞ്ചിനീയറിങ്ങ് വിഭാഗം പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 2014 ൽ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുമ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റിൽ എന്ത് ആവശ്യത്തിനോണോ പതിച്ചുനൽകിയതെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതും, കെട്ടിടനമ്പറിന് അപേക്ഷ സമർപ്പിച്ചപ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റിൽ ' വീട് പണിത് താമസിക്കുന്നതിനും, കൃഷി ആവശ്യത്തിനും അനുവദിച്ചിട്ടുള്ള ഭൂമി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 29.07.2020 ലെ WP(C)17983/2019 നമ്പർ കേസിലെ വിധിന്യായപ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ പട്ടയഭൂമി മറ്റാവശ്യങ്ങൾക്ക് നൽകുന്നത് നിയമവിരുദ്ധമാണെന്ന് പറഞ്ഞിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ബഹു. കോടതി ഉത്തരവ് വരുന്നതിന് മുമ്പ് പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കാമോ എന്നത് സംബന്ധിച്ചാണ് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നത്.

എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച് പരാതിക്കാരൻ ബഹു. ഹൈക്കോടതിയിൽ WP© 32600/2023 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതും അന്തിമ വിധി വന്നിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയിൽ നിന്നും അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 8**
ശ്രീ. ഹെൻറി ജോൺ, നങ്ങിണി ഹൗസ് എന്നവരുടെ പരാതി. ( കെട്ടിടത്തിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 8**
മേൽ പരാതി തൃശ്ശൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ടതാണ്. 22/1077-1 നമ്പർ കടമുറി സബ് ഡിവൈഡ് പുതിയ നമ്പർ ലഭിക്കുന്നതിനും ടാക്സ് അടവാക്കുന്നതിനും 30.11.2023 തീയതിയിൽ തൃശ്ശൂർ കോർപ്പറേഷനിൽ അപേക്ഷ നൽകിയിട്ടും നാളിതുവരെ ആയത് ലഭ്യമായിട്ടില്ല എന്നതാണ് പരാതി. കെ സ്മാർട്ട് അപ്ലിക്കേഷൻ വഴിയാണ് അപേക്ഷ അപ് ലോഡ് ചെയ്തതെന്നും, കെ സ്മാർട്ട് അപ്ലിക്കേഷനിലെ സാങ്കേതിക തടസ്സങ്ങൾ ആണ് കാരണം എന്ന് കോർപ്പറേഷൻ അധികൃതർ അറിയിച്ചതായും പരാതിയിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ടും കൂടി പരിഗണിച്ച ശേഷം അന്തിമതീരുമാനം എടുക്കാമെന്ന് സമിതി വിലയിരുത്തി. മേൽസാഹചര്യത്തിൽ പ്രസ്തുത പരാതിയിൻമേലുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 9**

ശ്രീ. സുഭാഷ് കെ. എ, കുറുവത്ത് ഹൗസ് എന്നവരുടെ പരാതി. ( കെട്ടിടത്തിന് ഒക്യുപൻസി ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 9**

മേൽ പരാതി തൃശ്ശൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ടതാണ്. തൃശ്ശൂർ കോർപ്പറേഷൻ 30–ാം ഡിവിഷനിൽ ( ഒല്ലൂർ സോണൽ) തൈക്കാട്ടുശ്ശേരി തലോർ റെയിൽവേ ഗേറ്റ് റോഡിനോട് ചേർന്നുള്ള സ്ഥലത്ത് നിർമ്മിച്ച വീടിന് ഒക്യുപൻസി ലഭിക്കാത്തത് സംബന്ധിച്ച പരാതിയാണ്. പരാതിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഓവർസീയറുടെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം പ്രസ്തുത കെട്ടിടനിർമ്മാണത്തിൽ ന്യൂനതകൾ ഉള്ളതിനാൽ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ടും കൂടി പരിഗണിച്ച ശേഷം അന്തിമതീരുമാനം എടുക്കാമെന്ന് സമിതി വിലയിരുത്തി. മേൽ സാഹചര്യത്തിൽ പ്രസ്തുത പരാതിയിൻമേലുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**യോഗ നടപടികൾ 4.30 pm ന് അവസാനിച്ചു.**

കൺവീനർ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

ചെയർമാൻ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

തൃശ്ശൂർ
പിൻ - 680003